(ഡി) ഈ സംഭവത്തെ തുടർന്ന് അവിടെ നടന്നിരുന്ന ഡ്രിൽ നിർത്തലാക്കുവാൻ പോലീസ് നടപടി സ്വീകരിച്ചോ ;

(ഇ) ഏതൊക്കെ രാഷ്ട്രീയ കക്ഷികളാണ് ഈ ആവശ്യം ഉന്നയിച്ചത് ;

(എഫ്) മതസൗഹാർദ്ദം തകർക്കുന്ന രീതിയിലുള്ള ഡ്രിൽ നിർത്തലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) അൻസാർ എന്നയാളെ ആർ.എസ്.എസ് അനുഭാവിയായ സജീവൻ മർദ്ദിച്ചത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്.

(സി) പ്രതി സജീവൻ കോടതിയിൽ നിന്നും ജാമ്യമെടുത്തു.

(ഡി) നിയമവിരുദ്ധമായ ഡ്രിൽ നടക്കുന്നില്ലായെന്ന് ബോദ്ധ്യമായതിനാൽ നിയമ നടപടി സ്വീകരിച്ചിട്ടില്ല.

(ഇ) യു.ഡി.എഫ്

(എഫ്) നിയമവിരുദ്ധമായ രീതിയിൽ കായിക, ആയുധ പരിശീലനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

പി. കെ. ഷൺമുഖദാസന് വെട്ടേറ്റ സംഭവം

94 (1029) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ മെയിൽനേഴ്സ് പി. കെ. ഷൺമുഖദാസന് 2000 ഡിസംബറിൽ വെട്ടേറ്റ സംഭവം ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വെട്ടിയതാരെല്ലാമാണ് ;

(സി) അവരെ അറസ്റ്റു ചെയ്തുവോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ ;

(ഡി) അദ്ദേഹത്തെ വെട്ടിയവർ ഏതു രാഷ്ട്രീയ പാർട്ടിയിൽപ്പെട്ടവരാണോ, ഏത് രാഷ്ട്രീയ കക്ഷിയുടെ അനുഭാവികളോ ആണെന്ന് പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) കേസ് അന്വേഷണം നടന്നുവരുകയാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുനേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങൾ

95 (1030) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി/പട്ടികവർഗ വിഭാഗത്തിനു നേരെ ഉണ്ടായിട്ടുള്ള അതിക്രമങ്ങളിൽ പോലീസു കേസ് എടുക്കുന്നതിൽ ഏതെങ്കിലും ഉദ്യോഗസ്ഥൻ അലംഭാവം കാണിച്ചതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly